**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 680** — **30-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഹൈവേ സൈഡിലുള്ള 12 ഏക്കർ ഭൂമിയും, കെട്ടിടങ്ങളും തുച്ഛമായ വിലയ്ക്ക് ലേലം ചെയ്ത് പോവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ഭൂമിയും സ്ഥാപനവുമായി നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ പലതും ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്നതും വ്യവസായ സാധ്യതയുള്ള ഭൂമി സർക്കാരിന് ഏറ്റെടുക്കാൻ കഴിയുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്താണെന്ന് അറിയിക്കാമോ; | (ബി) | അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹു. കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഉപയോഗപ്പെടുത്തി ഒരു ബദൽ പദ്ധതി രൂപീകരിക്കുന്നതിന് സർക്കാരിനു താല്പര്യമുള്ളതിനാൽ സ്ഥാപനവുമായി ബന്ധപ്പെട്ട ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ അറിയിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് സർക്കാർ അഭ്യർത്ഥിക്കുകയും അതനുസരിച്ച് പദ്ധതിയും ഫണ്ടും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിച്ചതനുസരിച്ച് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ യോഗം ചേർന്നു. പ്രസ്തുത സ്ഥാപനത്തിന്റെ പേരിലുള്ള ബാധ്യതകൾ തീർപ്പാക്കുന്ന മുറയ്ക്ക് സർക്കാരിന്റെ വ്യവസായ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കാൻ യോഗത്തിൽ തീരുമാനിച്ചു. |
| (സി) | നിലവിൽ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ബാധ്യതകൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സ്ഥാപനത്തിന്റെ ഒഫിഷ്യൽ ലിക്വിഡേറ്റർ 04.06.2014ന് ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് പ്രകാരം സ്ഥാപനത്തിന്റെ ബാധ്യതകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | Workment Creditors - 7,10,81,891.50 രൂപ<br><br>Workment (Badalies) - 96,381 രൂപ<br><br>Preferential Creditors – 17,23,324 രൂപ<br><br>Unsecured Creditors - 3,77,02,715 രൂപ<br><br>ആകെ - 11,06,04,311.50 രൂപ |

സെക്ഷൻ ഓഫീസർ